## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2240 — 16.08.2017 - ൽ മറുപടിയ്ക്ക്

### സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ് വെയർ സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ്.പി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ് വെയർ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services) മായി നടത്തിയ ചർച്ചയെ തുടർന്നു സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br><br>എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും കോമൺ സോഫ്റ്റ്‌വെയറിലേക്ക് എത്തിക്കുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാറെ കൺവീനറാക്കിക്കൊണ്ട് 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. |
| (ബി) ബാങ്കിംഗ് രംഗത്തുണ്ടായ സാങ്കേതിക മുന്നേറ്റം സഹകരണ ബാങ്കുകളിലും പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) സഹകരണ മേഖലയെ നവീകരിക്കുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് ടാസ്ക്ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും, ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും, ജില്ലാ |

സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും ഒരു കോമൺ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിനുമുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്ന കാലഹരണപ്പെട്ട ഓഡിറ്റിങ്ങ് സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്ന കാലഹരണപ്പെട്ട ഓഡിറ്റിങ്ങ് സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ